LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളി ഭവനനിർമ്മാണ പദ്ധതി നടത്തിപ്പിനുള്ള നോഡൽ ഏജൻസി

75 [2795] ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ആവിഷ്ക്കരിച്ച മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പരിപാടിയുടെ നടത്തിപ്പിനായി ഏത് ഏജൻസിയെ ആണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(ബി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിനെ ഇതിന്റെ നോഡൽ ഏജൻസി ആക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(സി) ഈ ബോർഡിൽ അംഗത്വമുള്ളവർക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒരു ഏജൻസിയെയും ചുമതലപ്പെടുത്തിയിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഈ ബോർഡിൽ അംഗത്വമുള്ളവർക്കാണ് ആനുകൂല്യം ലഭിക്കുന്നത്.

അപകടത്തിൽപ്പെട്ട് മരിച്ച മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് കിട്ടുന്ന ധനസഹായം

76 [2796] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യബന്ധനത്തിന് കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ട് മരിച്ചാൽ ഒരു ലക്ഷം രൂപ പ്രസ്തുത തൊഴിലാളിയുടെ കുടുംബത്തിന് നൽകുന്ന സ്കീം ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽപ്പെട്ട് മരണമടഞ്ഞ എത്ര കുടുംബങ്ങൾക്ക് പ്രസ്തുത ധനസഹായം നൽകിയിട്ടുണ്ടെന്ന് പറയാമോ;

(സി) ഈ ഇനത്തിൽ എന്തു തുക എത്രപേർക്ക് കൊടുക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ധനസഹായം അടിയന്തിരമായി വിതരണം ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 73

(സി) 37 പേർക്ക് ഒരു ലക്ഷം രൂപ വീതം നൽകാനുണ്ട്.

(ഡി) ധനസഹായം നടപടിക്രമങ്ങൾക്കനുസരിച്ച് അടിയന്തിരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഹൃദയസ്തംഭനംമൂലം മരണപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ആനുകൂല്യം നൽകാൻ നടപടി

77 [2797] ശ്രീ. എ. എൻ. രാജൻബാബു :

,, കെ. കെ. ഷാജു :

,, ഉമേഷ് ചള്ളിയിൽ :

,, ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ ജോലിയിൽ ഏർപ്പെട്ടുകൊണ്ടിരിക്കെ ഹൃദയസ്തംഭനം പോലെയുള്ള അത്യാഹിതം സംഭവിച്ച് മരണപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ഇൻഷ്വറൻസ് പദ്ധതിയിലെ അപകട ഇൻഷ്വറൻസ് സ്കീമനുസരിച്ച് നഷ്ടപരിഹാരം ലഭിക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിലിൽ ഏർപ്പെട്ടിരിക്കെ മരണപ്പെടുന്ന മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമാകത്തക്കവിധത്തിൽ നിയമത്തിൽ ഭേദഗതികൾ വരുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്. അപകടമരണത്തിനു മാത്രമാണ് ഇൻഷ്വറൻസ് പരിരക്ഷ.

(ബി) പരിഗണിക്കാം.

സ്ത്രീ മത്സ്യത്തൊഴിലാളികൾക്കെതിരെയുള്ള ആക്രമണത്തിനെതിരെ നടപടികൾ

78 [2798] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര മത്സ്യത്തൊഴിലാളികൾക്കാണ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയത് എന്ന് വ്യക്തമാക്കുമോ; ആയതിലേക്ക് ചെലവായ തുക എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly